# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3104** **28.01.2014 ൽ മറുപടിക്ക്**

## മാവേലിക്കരയിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) മാവേലിക്കരയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) മാവേലിക്കരയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) ഏതൊക്കെ മണ്ഡലങ്ങളിൽ എത്ര സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ചു; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അരൂർ, കൽപ്പറ്റ എന്നീ മണ്ഡലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എം.എൽ.എ.മാരുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാണ് ഇതിനായുള്ള വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. |
| (സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുവാൻ ഇതു വഴി എത്രത്തോളം സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) പിന്നോക്ക മലയോര പ്രദേശങ്ങൾ, തീരദേശ പ്രദേശങ്ങൾ , ആദിവാസി മേഖലകൾഎന്നിവിടങ്ങളിലെ ജനങ്ങൾക്ക് അവരുടെ ഏറ്റവും അടുത്ത സ്ഥലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് എത്തിക്കുന്നത് വഴി പൊതുവിപണിയിൽ നിന്നുണ്ടായേക്കാവുന്ന ചൂഷണത്തിൽ നിന്നും അമിതവിലക്കയറ്റത്തിൽ നിന്നും മേൽ സ്ഥലങ്ങളിലെ ജനങ്ങൾക്ക് വലിയ ഒരളവുവരെ ആശ്വാസമേകാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ദിവസ വേതന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ / ദിവസ വേതനം നഷ്ടപ്പെടുത്താതെ തന്നെ അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് വാങ്ങുവാൻ ഇതുകൊണ്ട് സാധിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

6